കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം നഗരസഭ -നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി.എം.എച്ച്.ഇന്ദിരയെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച കൊല്ലം നഗരസഭാ സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3616/2015/തസ്വഭവ. തീയതി, തിരുവനന്തപുരം. 03/12/2015.

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 03/08/2015, 09/10/2015 എന്നീ തിയതികളിലെ ഇ 5-11630/11 നമ്പർ കത്തുകൾ.

ഉത്തരവ്

കൊല്ലം നഗരസഭയിലെ നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി.എം.എച്ച്.ഇന്ദിരയെ കൊല്ലം നഗരസഭാ സെക്രട്ടറിയുടെ 03/11/2000 -ലെ ഉത്തരവ് പ്രകാരം ടി നഗരസഭയിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ പെന്റിംഗ് ജോലികൾ തീർക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച നടപടി അംഗീകരിക്കുന്നതിന് പരാമർശ കത്തു പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. കൊല്ലം നഗരസഭയിൽ ആറ് നഴ്സറി സ്കൂളുകളും, ആറ് നഴ്സറി സ്കൂ ൾ ടീച്ചറർമാരുമാണ് നിലവിലുണ്ടായിരുന്നത്. നിലവിൽ ഒരു നഴ്സറി സ്കൂൾ ടീച്ചർമാരിൽ ശ്രീമതി.എം.എച്ച്.ഇന്ദിര സേവനം അനുഷ്ഠിച്ചു വന്നിരുന്ന നഴ്സറി സ്കൂൾ പ്രദേശത്ത് വെള്ളപ്പൊക്കക്കെടുതിയുണ്ടാവുകയും , ടി സ്കൂൾ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുകയും കുട്ടികളുടെ അഭാവത്തിൽ ടിയാളെ 03/11/2000 ലെ ജി 6-30098/2000-ാം നമ്പർ ഉത്തരവ് പ്രകാരം ടി നഗരസഭയിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ പെന്റിംഗ് ജോലികൾ ചെയ്യുന്നതിനായി നിയോഗിക്കുകയും മറ്റ് നാല് നഴ്സറി സ്കൂളുകൾ കൂടി കുട്ടികളുടെ അഭാവത്തിൽ വിവിധ കാലയളവിൽ പ്രവർത്തനം മുടങ്ങിപ്പോവുകയും ചെയ്തിട്ടുള്ളതിനാൽ ടി നാല് നഴ്സറി സ്കൂളുകളിലെ ടീച്ചർമാരെ കൂടി മിനിസ്റ്റീരിയൽ വിഭാഗത്തിലെ പെന്റിംഗ് ജോലികൾ ചെയ്യുന്നതിനായി നിയോഗിച്ചിരിക്കുകയാണെന്നും ടി അഞ്ച് നഴ്സറി സ്കൂൾ ടീച്ചർമാരിൽ ശ്രീമതി.എം.എച്ച്.ഇന്ദിര യുൾപ്പെടെ 2 പേർ 31/05/2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. എം.എച്ച്.ഇന്ദിര 31/06/2015 ൽ വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ കൊല്ലം നഗരസഭയിലെ നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി.എം.എച്ച്.ഇന്ദിരയെ കൊല്ലം നഗരസഭാ സെക്രട്ടറിയുടെ 03/11/2000 -ലെ ഉത്തരവ് പ്രകാരം ടി നഗരസഭയിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ പെന്റിംഗ് ജോലികൾ തീർക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച കൊല്ലം നഗരസഭാ സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.

സോണിയ വാഷിംഗ് ടൺ.

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീമതി. എം.എച്ച്.ഇന്ദിര,റിട്ട.നഴ്സറി സ്കൂൾ റ്റീച്ചർ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൊല്ലം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.